# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ : അജിത് ദാസ്.എ)

ഗ്രാമവികസന വകുപ്പ്-ജീവനക്കാര്യം- ശ്രീ.പ്രണബ്.ബി.എസ്-ന്റെ സീനിയർ ക്ലാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റ പ്രാബല്യ തിയതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

**ഉത്തരവ് നം. 2728/എസ്റ്റാ. സി.3/2016/സിആർഡി (II) തീയതി : 03.05.2019**

പരാമർശം :- 1) കൊല്ലം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ ഡി1/1223/05(1) നമ്പർ കത്ത്.

2) ഈ ഓഫീസിലെ 11.02.2016-ലെ 24520/എസ്റ്റാ. സി3/2006/ സിആർഡി നമ്പർ ഉത്തരവ്.

3) ഈ ഓഫീസിലെ 08.12.2014-ലെ 24520/എസ്റ്റാ. സി3/2006/ സിആർഡി നമ്പർ ഉത്തരവ്.

4) കൊല്ലം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ 23.11.2015-ലെ ഡി1/5351/11 നമ്പർ ഉത്തരവ്.

5) ഈ ഓഫീസിലെ 23.09.2016-ലെ 24520/എസ്റ്റാ. സി3/2006/ സിആർഡി നമ്പർ ഉത്തരവ്.

## ഉത്തരവ്

ഗ്രാമവികസന വകുപ്പിൽ കൊല്ലം ജില്ലയിൽ 05.09.2005-ൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.പ്രണബ്.ബി.എസ്-ന് ഈ ഓഫീസിലെ പരാമർശം (2) പ്രകാരമുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 308 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അച്ചടക്ക നടപടിയുടെ ഭാഗമായി 22.03.2012 മുതൽ 29.10.2012 വരെ വേലവിലക്കിൽ ആയിരുന്ന ടിയാനെതിരെ തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ്-III കോടതിയിൽ രജിസ്റ്റർ ചെയ്തിരുന്ന കേസിൽ ടിയാനെ പൂർണ്ണ കുറ്റവിമുക്തനാക്കി പ്രഖ്യാപിച്ച സാഹചര്യത്തിൽ ടിയാന്റെ 22.03.2012 മുതൽ 29.10.2012 വരെയുള്ള വേല വിലക്കുകാലം സർവ്വീസ് സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

05.09.2007-ൽ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിക്കുകയും 07/2014-ൽ കേരള പി.എസ്.സി നടത്തിയ വകുപ്പുതല (അക്കൗണ്ട് ടെസ്റ്റ്) പരീക്ഷാ യോഗ്യത നേടുകയും ചെയ്ത ടിയാന് 24.09.2014-മുതൽ പ്രബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരുന്നെങ്കിലും ടിയാനെതിരെ യുണ്ടായിരുന്ന മേൽ അച്ചടക്ക നടപടികൾ തീർപ്പാക്കാതിരുന്നതിനാൽ ഈ ഓഫീസിലെ പരാമർശം (3) സ്ഥാനക്കയറ്റ ഉത്തരവിൽ ടിയാനെ ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന് പരാമർശം (5) ഉത്തരവ് പ്രകാരം ടിയാനെ 10.02.2016 മുതൽ പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും ചെയ്തു.

(മറുപുറം)

എന്നാൽ പരാമർശം (5) പ്രകാരം ടിയാന് 10.02.2016 മുതൽ അനുവദിച്ച സ്ഥാനക്കയറ്റം പുന:പരിശോധിക്കുന്നതിനും ടിയാന് അർഹമായ തിയതി മുതൽ പ്രാബല്യത്തിൽ സ്ഥാനക്കയറ്റം അനുവദിച്ച് സീനിയോറിറ്റി ലിസ്റ്റിൽ അർഹമായ സ്ഥാനം അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് കൊല്ലം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 22.03.2012 മുതൽ 29.10.2012 വരെ കാലയളവിലെ വേലവിലക്കിന് കാരണമായ കുറ്റാരോപണത്തിൽ നിന്ന് ടിയാനെ പൂർണ്ണ കുറ്റവിമുക്തനാക്കിയും വേലവിലക്കകാലം സർവ്വീസ് സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിച്ചും ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ, ശ്രീ.പ്രണബ്.ബി.എസ്-ന് 10.02.2016 മുതൽ പ്രബല്യത്തിൽ പരാമർശം (5) പ്രകാരം അനുവദിച്ച സ്ഥാനക്കയറ്റം റദ്ദ് ചെയ്ത് ടിയാന് 24.09.2014 മുതൽ മുൻകാല പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചും ഇതിനാൽ ഉത്തരവാകുന്നു. 24.09.2014 മുതൽ സീനിയർ ക്ലാർക്ക് തസ്തികയിലെ ശമ്പള നിർണ്ണയത്തിനും എന്നാൽ, 10.02.2016 മുതൽ മാത്രം സാമ്പത്തികാനുകൂല്യത്തിനും ടിയാന് അർഹതയുണ്ടായിരിക്കുന്നതാണ്. 01.07.2013 മുതൽ 30.06.2018 വരെ കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന് അർഹമായ സ്ഥാനം നിർണ്ണയിച്ച് നൽകുന്നകാര്യം പിന്നീട് പരിഗണിക്കുന്നതാണ്. സ്ഥാനക്കയറ്റ തിയതി ഭേദഗതി ചെയ്തത് സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ ടിയാന്റെ സേവന പുസ്തകത്തിൽ ബന്ധപ്പെട്ട ആഫീസ് മേധാവി രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

വ്യക്തിക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :-

1) എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും
2) എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
3) എല്ലാ ഇ.റ്റി.സി പ്രിൻസിപ്പാൾമാർക്കും
4) ഗ്രാമവികസന കമ്മീഷണറുടെ സി.എ യ്ക്ക്
5) പി ആന്റ് എം സെക്ഷൻ, സിആർഡി (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
6) ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

3/5/19

ജൂനിയർ സൂപ്രണ്ട്

ജെജെ